ഇ-മെയിൽ:dimskerala@gmail.com വെബ്സൈറ്റ്:www.ims.kerala.gov.in ഫോൺ നം.:0471-2323960

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം - 14**

വിഷയം :- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - ജീവനക്കാര്യം- 01.04.2015 മുതൽ 31.12.2018 വരെ സർവ്വീസിൽ പ്രവേശിച്ച ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ വിട്ടുപോയവരെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 28.05.2019-ലെ ഇ2-22922/2018/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്
2) ചുങ്കം ഇ.എസ്.ഐ ഡിസ്പെൻസറി ഐ.എം.ഒയുടെ 19.06.2019-ലെ ഇ-578/2019/CGM നമ്പർ കത്ത്.
3) മുക്കം ഇ.എസ്.ഐ ഡിസ്പെൻസറി ഐ.എം.ഒയുടെ 17.06.2019-ലെ ഇ-223/2019/ESIDMKM നമ്പർ കത്ത്.

...............

**ഉത്തരവ് നമ്പർ - ഇ2-22922/2018/ഡി.ഐ.എം.എസ് തീയതി, 27.07.2019**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ 01.04.2015 മുതൽ 31.12.2018 വരെ സർവ്വീസിൽ പ്രവേശിച്ച ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി കാലയളവിൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ.അത്തുമാൻ.കെ.കെ, ശ്രീമതി.കെ.കെ.ഷീബ എന്നിവരുടെ പേരുകൾ ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും, അവരെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ടി ജീവനക്കാർ അപേക്ഷിച്ചിട്ടുള്ളതായി പരാമർശം 2, 3 എന്നിവ പ്രകാരം യഥാക്രമം ചുങ്കം, മുക്കം ഇ.എസ്.ഐ ഡിസ്പെൻസറികളിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർ അറിയിച്ചിരിക്കുന്നു. ടി ജീവനക്കാരുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും ചുങ്കം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ക്ലാർക്ക് ശ്രീ.അത്തുമാൻ.കെ.കെ, മുക്കം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ക്ലാർക്ക് ശ്രീമതി.ഷീബ.കെ.കെ എന്നിവർക്ക്, പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നതിന് അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ സേവനവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇവർ രണ്ട് പേരും പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 1നും 2നും മദ്ധ്യത്തിൽ സ്ഥാനം ലഭിക്കുന്നതിന് അർഹരാണ്. മേൽ സാഹചര്യത്തിൽ ശ്രീ.അത്തുമാൻ.കെ.കെ, ശ്രീമതി.ഷീബ.കെ.കെ എന്നിവരെ പരാമർശം (1) ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 1നും 2നും മദ്ധ്യത്തിലായി യഥാക്രമം 1(a), 1(b) എന്നീ സ്ഥാനങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ജീവനക്കാരുടെ സേവനവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(മറുപുറം)

| പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | അഡ്വൈസ്/നിയമന ഉത്തരവിന്റെ നമ്പർ | സീനിയോറിറ്റി തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| ശ്രീ.അത്തുമാൻ.കെ.കെ | 01.06.1964 | 08.06.2015 | ഇ2-15377/14/DIMS തീയതി, 22.05.2015 | 22.05.2015 | നൈറ്റ് വാച്ച്മാൻ തസ്തികയിൽ നിന്ന് തസ്തികമാറ്റം വഴി നിയമിക്കപ്പെട്ടു. |
| ശ്രീമതി.ഷീബ.കെ.കെ | 15.01.1978 | 29.07.2015 | DV(4)/1241/11(8) തീയതി, 03.06.2015 | 03.06.2015 | |

പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ 95 ശ്രീ.ബിജു.എസ്.വിയുടെ ജില്ല തിരുവനന്തപുരം എന്നതിനു പകരം കൊല്ലം എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ആയത് തിരുവനന്തപുരം എന്ന് തിരുത്തൽ വരുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.അജിത നായർ.ആർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് -
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം/മദ്ധ്യമേഖല, എറണാകുളം/ഉത്തരമേഖല, കോഴിക്കോട്
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ചാക്ക/ചുങ്കം/മുക്കം
3. ഫയൽ/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

Halid
സൂപ്രണ്ട്

Skv-27.7.19